KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

# റെഡ് റിബൺ എക്സ്പ്രസിന് കേരള മണ്ണിൽ ആവേശോജ്വല വരവേൽപ്പ്

കാസർഗോഡ്: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി കേരളത്തിലെ ആദ്യസന്ദർശന കേന്ദ്രമായ കാസർഗോഡ് റെയിൽവേ സ്റ്റേഷനിൽ എത്തിയ റെഡ് റിബൺ എക്സ്പ്രസിന് ആവേശോജ്വല സ്വീകരണം. റെഡ് റിബൺ എക്സ്പ്രസിനെ വരവേൽക്കാനെത്തിയ നൂറു കണക്കിനാളുകളെ സാക്ഷി നിർത്തി ദേവസ്വംമന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ കേരള സന്ദർശന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. പ്രദർശനപരിപാടിയുമായി ട്രെയിൻ ഇന്നും നാളെയും (ഫെബ്രുവരി 23, 24) കാസർഗോട്ടുണ്ടാകും.

രാവിലെ 9.30 ന് കാസർഗോഡ് റെയിൽവേ സ്റ്റേഷൻ അങ്കണത്തിൽ ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ പള്ളിപ്രം ബാലൻ എംഎൽഎ അധ്യക്ഷത വഹിച്ചു. അഡ്വ. സി.എച്ച്. കുഞ്ഞമ്പു എംഎൽഎ മുഖ്യാതിഥിയായിരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ മുഖ്യപ്രഭാഷണം നടത്തി. കാസർഗോഡ് നഗരസഭാധ്യക്ഷ ബിഫാത്തിമ ഇബ്രാഹിം, കാസർഗോഡ് ജില്ലാ പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. നാരായണൻ മാസ്റ്റർ, കാസർഗോഡ് നഗരസഭ ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഖാദർ ബെങ്കര, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. പി.വി. വേലായുധൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഇ. മോഹനൻ, കാസർഗോഡ് ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. എം. കുഞ്ഞിരാമൻ, നെഹ്റു യുവകേന്ദ്ര യൂത്ത് കോ ഓർഡിനേറ്റർ ഗോവിന്ദ റാവു നായക്, നഗരസഭാ കൗൺസിലർ സൈബുന്നീസ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. അബ്ദുറഹ്മാൻ, കാസർഗോഡ് പ്രസ് ക്ലബ് പ്രസിഡന്റ് സിബി തൂവ്വൽ, കാസർഗോഡ് റെയിൽവേ സ്റ്റേഷൻ മാനേജർ കെ.കെ. കൃഷ്ണൻ, സിപികെ പ്ലസ് പ്രസിഡന്റ് ജോസഫ് മാത്യു, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.എ. ജോസഫ്, കാസർഗോഡ് യൂണിറ്റ് പ്രസിഡന്റ് എ.കെ. മൊയ്തീൻ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ കളക്ടർ ആനന്ദ്സിംഗ് സ്വാഗതവും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജോസ് ജി. ഡിക്രൂസ് നന്ദിയും പറഞ്ഞു.

ഉദ്ഘാടനസമ്മേളനത്തിനു ശേഷം നാട മുറിച്ച് റെഡ് റിബൺ എക്സ്പ്രസിലെ പ്രദർശനത്തിന്റെ ഉദ്ഘാടനവും മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു. മന്ത്രിയും വിശിഷ്ടാതിഥികളും ട്രെയിനിലെ പ്രദർശനം വീക്ഷിച്ചു. തുടർന്ന് പ്രദർശനം കാണാനായി വിദ്യാർഥികളും ആരോഗ്യപ്രവർത്തകരും സാധാരണക്കാരായ നാട്ടുകാരുമുൾപ്പെടെ ഇടമുറിയാതെ ജനങ്ങൾ എത്തിക്കൊണ്ടിരുന്നു.

പ്രദർശനം ഉദ്ഘാടനം ചെയ്തതിനു പിന്നാലെ രണ്ടു ലൈഫ് ബസുകളിൽ കലാസംഘങ്ങൾ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് യാത്ര തിരിച്ചു. ദിവസം മൂന്നു കേന്ദ്രങ്ങളിൽ വീതം എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികളാണ് ഇവർ നടത്തുന്നത്. കലാപരിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയ ഇതിന്റെ ഭാഗമായി ഉണ്ട്.

രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കിയ ശേഷം റെഡ് റിബൺ എക്സ്പ്രസ് കണ്ണൂരിലേക്കു തിരിക്കും. തുടർന്ന് തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലും ട്രെയിൻ സന്ദർശനം നടത്തും. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

എച്ച്ഐവി പ്രതിരോധത്തെക്കുറിച്ചും വിവിധ സേവനങ്ങളെക്കുറിച്ചും അവബോധം വളർത്തുക, എച്ച്ഐവി അണുബാധിതരോടുള്ള വിവേചനവും സാമൂഹ്യനിന്ദയും ഇല്ലാതാക്കുക, എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പ്രതിരോധമാർഗങ്ങളെക്കുറിച്ചുള്ള ധാരണ സൃഷ്ടിക്കുക, ഗുണകരമായ ജീവിതശൈലിയും ആരോഗ്യകരമായ ശീലങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ലോക എയ്ഡ്സ് ദിനമായ 2009 ഡിസംബർ ഒന്നിന് ഡൽഹിയിൽ നിന്നാണ് ട്രെയിൻ യാത്രയാരംഭിച്ചത്.

പത്തു കോച്ചുകളുള്ള ട്രെയിനിൽ ബോധവത്കരണ പ്രദർശനം, പരിശീലന സംവിധാനം, ഡോക്ടർമാരും കൗൺസലർമാരും ഉൾപ്പെട്ട കൗൺസലിംഗ്- മെഡിക്കൽ സേവനങ്ങൾക്കുള്ള സംവിധാനം എന്നിവയുണ്ട്. അഞ്ചാം കോച്ചിലാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. ആറാം കോച്ചിൽ കൗൺസലിംഗും ജനനേന്ദ്രിയ രോഗചികിത്സയും കൂടാതെ സൗജന്യ എച്ച്ഐവി പരിശോധനയ്ക്കുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

രാജീവ്ഗാന്ധി ഫൗണ്ടേഷൻ രൂപംകൊടുത്ത ഈ പ്രചാരണ പരിപാടി ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ആരോഗ്യകേരളം, നെഹ്റു യുവകേന്ദ്ര, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, വിവിധ കേന്ദ്ര - സംസ്ഥാന വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.